# إرشـــاد الأئـــمة

تحت إشراف الأمانة عرفة للثقافة والخيرية، نلكزى، ارناكلم، كيرلا
(Arafa Cultural & Charitable Trust, Nellikuzhi. Ernakulam)
للأستاذ المولوي سي. اي. موسي الباقوي القاسمي : ٩٤٤٧٤٦٥٦٤٨
الإتصال: شمير الباقوي، ٩٤٩٥١٩٠٨٩٥

---

**തീയതി: 27/07/2018.**

**വിഷയം: " പാരമ്പര്യമാണ് ആദർശം"**

---

وَمَن يُشَاقِقِ الرَّسُولَ مِن بَعْدِ مَا تَبَيَّنَ لَهُ الْهُدَىٰ وَيَتَّبِعْ غَيْرَ سَبِيلِ الْمُؤْمِنِينَ نُوَلِّهِ مَاتَوَلَّىٰ وَنُصْلِهِ جَهَنَّمَ ۖ وَسَاءَتْ مَصِيرًا

﴿النساء: ١١٥﴾

➢ ഇസ്‌ലാം ഖിയാമത്ത് നാൾ വരെ നിലനിൽക്കേണ്ടത് അനിവാര്യമാണ്. കാരണം മനുഷ്യന്റെ ഇരുലോക വിജയം ദീൻ അനുസരിച്ചുള്ള ജീവിതത്തിലാണ് അല്ലാഹു വെച്ചിരിക്കുന്നത്. വ്യക്തി, കുടുംബം, നാട്ടിൽ ദീൻ എത്താതെ പോയാൽ അവരുടെ പരലോക പരാജയത്തിന് അത് കാരണമാകും. തന്മൂലം ഖിയാമത്ത് വരെ ദീൻ നിലനിൽക്കണം.

➢ ദീൻ നിലനിൽക്കണം എന്ന പോലെ പ്രധാനമാണ്, ദീൻ മാറ്റമില്ലാതെ നിലനിൽക്കണമെന്നതും. കാരണം. അതിന്റെ വിശ്വാസം, ആരാധന, സംസ്കാരം, മാറ്റം വന്നാൽ പിന്നെ അതുകൊണ്ട് പരലോകത്ത് യാതൊരു കാര്യവുമുണ്ടാവില്ല.

وَمَن يَبْتَغِ غَيْرَ الْإِسْلَامِ دِينًا فَلَن يُقْبَلَ مِنْهُ وَهُوَ فِي الْآخِرَةِ مِنَ الْخَاسِرِينَ ﴿النساء: ١١٥﴾

വികലമായ ഒരു മതത്തിന് ഭൗതീക ലോകത്തും ഒന്നും നേടാൻ കഴിയില്ല. മനുഷ്യ സംവിധാനങ്ങളെ മറികടക്കാൻ ദൈവീക സംവി

ധാനത്തിനേ കഴിയുകയുള്ളൂ. ഫിർഔനിന്റെ ആഭിചാരക്കാർ സർവ്വ ശക്തിയുമെടുത്ത് ശ്രമിച്ചിട്ടും മൂസാ നബി (അ)യുടെ വടി താഴെ ഇട്ടപ്പോൾ അതെല്ലാം നിഷ്ഫലമായി.

وَأَوْحَيْنَا إِلَىٰ مُوسَىٰ أَنْ أَلْقِ عَصَاكَ ۖ فَإِذَا هِيَ تَلْقَفُ مَا يَأْفِكُونَ (١١٧) فَوَقَعَ الْحَقُّ وَبَطَلَ مَا كَانُوا يَعْمَلُونَ (١١٨) فَغُلِبُوا هُنَالِكَ وَانقَلَبُوا صَاغِرِينَ (١١٩) وَأُلْقِيَ السَّحَرَةُ سَاجِدِينَ (١٢٠)قَالُوا آمَنَّا بِرَبِّ الْعَالَمِينَ (١٢١) رَبِّ مُوسَىٰ وَهَارُونَ (١٢٢) ﴿الأعراف﴾

അതുകൊണ്ട് ദീൻ മാറ്റമില്ലാതെ ഭദ്രമായി നിലനിൽക്കണം.

➢ അതിന് അല്ലാഹു രണ്ട് സംവിധാനങ്ങൾ ഏർപ്പെടുത്തി. ഒന്ന് ഖുർ ആൻ സംരക്ഷണം അല്ലാഹു സ്വയം ഏറ്റെടുത്തു.

إِنَّا نَحْنُ نَزَّلْنَا الذِّكْرَ وَإِنَّا لَهُ لَحَافِظُونَ ﴿الحجر: ٩﴾

അത് അവതരിച്ചപോലെ ഇന്നും നിൽക്കുന്നു. ലക്ഷോപലക്ഷം പേരുടെ ഹൃദയങ്ങളിൽ ജീവിക്കുന്നു. അങ്ങനെ തന്നെ തുടരും. കത്തിച്ചോ മറ്റോ തകർക്കാനാവില്ല.

➢ രണ്ട്: ഖുർ ആനിന്റെ ആശയാദർശങ്ങൾ മാറ്റം വരാതിരിക്കാനുള്ള സംവിധാനം ഏർപ്പെടുത്തി.

ആയത്തുകൾ ഭദ്രമായി നിൽക്കുമ്പോൾ തന്നെ ദുർവ്യാഖ്യാനം വരാം. ആശയങ്ങളെ വളച്ചൊടിക്കാം. ഖാദിയാനികൾ ആയത്തുകളെ ദുർ വ്യാഖ്യാനിച്ചപോലെ. മദ്റസാ പാഠപുസ്തകം ഗവ: ഇടപെട്ട് തിരുത്തിക്കണം എന്ന് കഴിഞ്ഞയാഴ്ച ചില മുസ്‌ലിം നാമധാരികൾ പറഞ്ഞപോലെയ ‘‘ജംഇന്റെവഖ്ത് കഴിഞ്ഞിട്ടും നമസ്ക്കരിക്കാത്തവരെ കൊല്ലണം’’ എന്നുണ്ടുപോലും. അതിനാൽ മദ്റസ പാഠപുസ്തകങ്ങൾ അരാജകത്വം വളർത്തുകയാണ്.

ഇത് ഫിഖ്ഹിന്റെ നിയമമാണ്. പക്ഷേ ഇത് നടപ്പാക്കേണ്ടത് ഇസ്‌ലാമിക രാജ്യ ത്തെ ഭരണാധികാരിയാണ്(ഇമാം). മറിച്ച് പൗരന്മാർക്ക് നിയമം കൈയ്യിലെടുക്കാവതല്ല. ഇത് ഇന്ത്യയിലും

സൗദിയിലുമെല്ലാം ഒരുപോലെയാണ്. മക്കത്തെ ഇമാമിന പോലും ഒരു പൗരൻ എന്ന നിലക്ക് നിയമം നടപ്പാക്കാൻ അവകാശമില്ല. ഇത് മനസ്സിലാക്കാതെയാണ് മദ്റസാ പാഠപുസ്തകം കൊല്ലാൻ പഠിപ്പിക്കു ന്നു എന്ന് വിമർശിക്കുന്നത്. ഇത് ദുർവ്യാഖ്യാനമാണ്. ഇങ്ങനെയുള്ള ദുർവ്യാഖ്യാനം ഉണ്ടാകാതിരിക്കാൻ ദീൻ ഒരു മാർഗ്ഗ നിർദ്ദേശം നടത്തിയിട്ടുണ്ട്. അഥവാ

➢ ഖുർആൻ, ഹദീസുകളെ വ്യാഖ്യാനിക്കേണ്ടത് ''അൽജമാഅ'' യുടെ നിലപാട് അനുസരിച്ചാകണം. അവരുടെ ആദർശ, നിലപാട് നാം മുറുകെ പിടിക്കണം. അതനുസരിച്ചേ ദീൻ മനസ്സിലാക്കാവൂ.

عَنْ مُعَاوِيَةَ بْنِ أَبِي سُفْيَانَ: قَالَ رَسُولُ اللَّهِ صَلَّى اللَّهُ عَلَيْهِ وَسَلَّمَ ....... وَإِنَّ هَذِهِ الْمِلَّةَ سَتَفْتَرِقُ عَلَى ثَلَاثٍ وَسَبْعِينَ ، ثِنْتَانِ وَسَبْعُونَ فِي النَّارِ ، وَوَاحِدَةٌ فِي الْجَنَّةِ ، وَهِيَ الْجَمَاعَةُ (أبودود)

فَيَلْزَمُ الْجَمَاعَةَ (بخاري)

ആരാണീ അൽ ജമാഅ? സ്വഹാബത്ത്, താബിഈങ്ങൾ, തബഉത്താബി ഈങ്ങൾ തുടങ്ങി മുൻഗാമികളിലെ ഇജ്തിഹാദീ പണ്ഡിതന്മാരാണവർ.

وَمَا أَمَرَ النَّبِيُّ (ص) بِلُزُومِ الْجَمَاعَةِ: وَهُمْ أَهْلُ الْعِلْمِ (بخاري)

(=നബി(സ്വ) അവലംബമാക്കാൻ പറഞ്ഞ അൽജമാഅ പണ്ഡിതന്മാരാകുന്നു.) അവർ മനസ്സിലാക്കിയപോലെയേ നാം ദീൻ മനസ്സിലാക്കാവൂ.

മാസങ്ങൾക്ക് മുമ്പ് ജാമിദ ടീച്ചർ ഇമാമായി ജുമുഅ നടത്തുകയുണ്ടായി. അവർ പറഞ്ഞ ന്യായം ഖുർആൻ സ്ത്രീ ഇമാമത്തിനെ നിരോധിച്ചിട്ടില്ല എന്നായിരുന്നു. എന്നാൽ ഒരു സ്ത്രീ ജുമുഅക്ക് ഇമാം നിന്നാൽ മുൻഗാമികൾ അങ്ങനെ അംഗീകരിച്ചിട്ടുണ്ടോ എന്നു നോക്കണം. അവരാരും അംഗീകരിക്കാത്തത് ദുർവ്യാഖ്യാനമാണ്. അത് അസ്വീകാര്യമാണ്.

وَمَن يُشَاقِقِ الرَّسُولَ مِن بَعْدِ مَا تَبَيَّنَ لَهُ الْهُدَىٰ وَيَتَّبِعْ غَيْرَ سَبِيلِ الْمُؤْمِنِينَ نُوَلِّهِ مَاتَوَلَّىٰ وَنُصْلِهِ جَهَنَّمَ ۖ وَسَاءَتْ مَصِيرًا ﴿النساء﴾

ഇവിടെ ‘‘സബീലുൽ മുഅ്മിനീൻ’’ എന്നാൽ പാരമ്പര്യമാണ്. ആ പാരമ്പര്യത്തിൽ നാം ഉറച്ച് നിൽക്കണം.

➢ സുന്നത്ത്, ബിദ്അത്തുകളെ മനസ്സിലാക്കേണ്ടതും പാരമ്പര്യ നിലപാട് പ്രകാരമാണ്. അവർ ബിദ്അത്തായി മനസ്സിലാക്കാത്തത് നമുക്ക് ബിദ്അത്താകരുത്.

ഉദാ: നബി(സ)യുടെ തിരുജനാസ കഫൻ പൊതിഞ്ഞശേഷം അബൂബക്കർ (റ) നടത്തിയ കൂട്ടുപ്രാർത്ഥന.

فَاجْعَلْنَا إِلَهَنَا مِمَّنْ يَتَّبِعُ الْقَوْلَ الَّذِي أُنْزِلَ مَعَهُ ، وَاجْمَعْ بَيْنَنَا وَبَيْنَهُ حَتَّى تُعَرِّفَهُ بِنَا وَتُعَرِّفَنَا بِهِ ، فَإِنَّهُ كَانَ بِالْمُؤْمِنِينَ رَءُوفًا رَحِيمًا، فَيَقُولُ النَّاسُ : آمِينَ آمِينَ (البداية والنهاية)

(=ഞങ്ങളെ നബിക്ക് അവതരിച്ച ദീൻ അനസരിച്ച് ജീവിക്കുന്നവരാക്കേണമേ. ഞങ്ങളെ പ്രവാചകരോടോപ്പം ഒരുമിച്ച് കൂട്ടേണമേ. ഞങ്ങളെ നബിക്കും നബിക്ക് ഞങ്ങളേയും മനസ്സിലാക്കി ത്തരേണമേ.)

ഇത് തെളിഞ്ഞ മാതൃകയാണ്. ഇതിൽ ബിദ്അത് ആരോപിച്ചാൽ അബൂബക്കർ (റ) ബിദ്അത്തുകാരനാകേണ്ടിവരും.

ചുരുക്കത്തിൽ നമ്മുടേയും മക്കളുടെയും ആദർശവിശ്വാസ സംഹിത മുൻഗാമികളായ ഉലമാക്കൾ പരമ്പരാഗതമായി പഠിപ്പിച്ചത് തന്നെയാകണം. അതിൽ നിന്നുള്ള വ്യതിയാനം അപകടമാണ്. അത് ബിദ്അത്തിൽ കൊണ്ടെത്തിക്കും.

∆ ∆ ∆